നം ഇ5/4777/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 25/04/2018

# പരിപത്രം

വിഷയം ഃ- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- വകുപ്പിന്റെ ഫെയ്സ് ബുക്ക് പേജ് പ്രയോജനപ്പെടുത്തുന്നത് -സംബന്ധിച്ച്.

സൂചന ഃ-

സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിങ്ങനെയുള്ള ദുർബലജനവിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും വിവിധ മാർഗ്ഗങ്ങളിലൂടെ വേണ്ടത്ര പ്രചാരണം നൽകിയിട്ടും ഗുണഭോക്താക്കൾക്ക് പദ്ധതിപ്രവർത്തനത്തിന്റെ ഗുണഫലം ലഭിക്കുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമായി അവശേഷിക്കുന്നു. 2017-2018 സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ മന്ദഹാസം, സ്വാശ്രയ, വിദ്യാജ്യോതി, മാതൃജ്യോതി, വിദ്യാകിരണം, ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ഭിന്നലിംഗവിഭാഗക്കാർക്കുള്ള തിരിച്ചറിയൽക്കാർഡ് വിതരണം, ഡ്രൈവിംഗ് പരിശീലനം എന്നിങ്ങനെയുള്ള വിവിധ ക്ഷേമപദ്ധതികളിൽ പൂർണ്ണ വിജയം കൈവരിക്കുവാൻ വകുപ്പിന് സാധിക്കാത്തത് ഗുണഭോക്താക്കൾക്ക് പദ്ധതികളെക്കുറിച്ച് വേണ്ടത്ര അവബോധത്തിന്റെ അഭാവമാണെന്ന് വിലയിരുത്തുന്നു. ഇതിനൊരു പരിഹാരം എന്ന നിലയിൽ നിലവിലുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കു പുറമേ നവ മാധ്യമങ്ങളെക്കൂടി പ്രയോജനപ്പെടുത്തി വകുപ്പിന്റെ ഉദ്ദ്യേശലക്ഷ്യങ്ങൾ ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും എത്തിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിൽ ഒരു ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് " **facebook.com/sjd.suneethi** " എന്ന അഡ്രസിൽ ആരംഭിച്ചിരിക്കുന്നു. സാമൂഹ്യനീതി

വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും അങ്കണവാടി പ്രവർത്തകർ ഉൾപ്പെടെയുള്ളവർ ഈ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് ലൈക്കും (Like) പോസ്റ്റുകൾ ഷെയറും (Share) ചെയ്യുന്നത് മൂലം കൂടുതൽ ആളുകളിലേയ്ക്ക് സ്കീമുകൾ സമയബന്ധിതമായി എത്തിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ഈ ഫെയ്സ് ബുക്ക് പേജ് പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ ജീവനക്കാർക്കും
സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)